**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1478** **03-02-2026 - ൽ മറുപടിയ്ക്ക്**

**അൺഎയ്ഡഡ് സ്കൂൾ ജീവനക്കാരുടെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അൺഎയ്ഡഡ് മേഖലയിൽ ജോലിചെയ്യുന്ന അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് വളരെ കുറഞ്ഞ നിരക്കുകളിൽ മാത്രമാണ് ശമ്പളം ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ മേഖലയിലെ ജീവനക്കാരുടെ സേവന വേതന നിരക്കുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | അംഗീകൃത അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കെ.ഇ.ആർ അധ്യായം 14 എ എ-യിൽ പരാമർശിച്ചിട്ടുണ്ട്.14.02.2011-ലെ സ. (കൈ) നം.36/2011/പൊ.വി.വ പ്രകാരം അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അൺഎയ്ഡഡ് അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്; | (സി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | അൺഎയ്ഡഡ് അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം ശമ്പള സ്കെയിൽ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ